**ഗ്രാമ ന്യായാലയ കോടതി, പാറശ്ശാല**

**ഹാജർ: Mrs.ഷെഫ്ന.എസ്, ന്യായാധികാരി,**

**ഗ്രാമന്യായാലയ, പാറശ്ശാല**

**തീയതി:** 2026 ഏപ്രിൽ 04 / 1948 ചൈത്രം 16

## കേസ് നമ്പർ. S.T. 211/2019

(പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം: 198/2019)

| | | |
|---|---|---|
| വാദി | : | സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പൂവ്വാർ പോലീസ് സ്റ്റേഷൻ<br>**പ്രതിനിധീകരിക്കുന്നത് ശ്രീമതി. ഷൈമ ഇക്ബാൽ**<br>**(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ)** |
| പ്രതി | : | മുരുകൻ, വയസ്സ് 41/19, S/o.സദാശിവൻ, താഴെ നിന്ന തൈക്കൂട്ടം വീട്, തിരുപുറത്തൂർ ദേശം, തിരുപുറം വില്ലേജ്.<br>**(അഭിഭാഷകൻ : എസ്. ജോൺ)** |
| വകുപ്പുകൾ | : | ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b), 323 |
| പ്രതിയുടെ വാദം | : | കുറ്റം ചെയ്തിട്ടില്ല. |
| കണ്ടെത്തൽ | : | കുറ്റം ചെയ്തിട്ടില്ല |
| ഉത്തരവ് | : | പ്രതി ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b), 323 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതികളെ കുറ്റവിചാരണ നടപടി സംഹിതയുടെ 255(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു |

## പ്രതിയുടെ വിവരങ്ങൾ

| Sl.No. | പോലീസ് സ്റ്റേഷന്റെ പേരും ക്രൈം നമ്പരും | പേര് | അച്ഛന്റെ പേര് | ജോലി | താമസസ്ഥലം | വയസ്സ് |
|---|---|---|---|---|---|---|
| 1. | പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം: 198/2019 | മുരുകൻ | സദാശിവൻ | - | തിരുപുറം | 41/19 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | പ്രതിയെ അറസ്റ്റ് ചെയ്തത്/ ഹാജരായത് | ജാമ്യത്തിൽ വിട്ടത് | വിചാരണ തുടങ്ങിയത് | എവിഡൻസ് തുടങ്ങിയത് |
|---|---|---|---|---|---|
| 10.02.2019 | 21.02.2019 | 13.03.2019 | 13.03.2019 | 20.04.2023 | 18.03.2025 |

| വിചാരണ അവസാനിച്ചത് | ഉത്തരവ് | കാലതാമസം | തടവിൽ കഴിഞ്ഞ കാലയളവ് |
|---|---|---|---|
| 31.03.2026 | 04.04.2026 | ഇല്ല | - |

ഈ വ്യവഹാരം 31.03.2026 ൽ ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ ഇന്നേ ദിവസം തുറന്ന കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

## വിധിന്യായം

1. പൂവ്വാർ പോലീസ് ഭാരതീയ ശിക്ഷാസംഹിതയുടെ 294 (b), 323 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈം നമ്പർ 198/2019 ആയി പതിച്ച നടപടിയിൽ നിന്ന് ഉൽഭവിച്ച വ്യവഹാരമാണിത്.

2. പ്രതിയും ഒന്നാം സാക്ഷിയും തമ്മിലുള്ള വിരോധം നിമിത്തം പ്രതിയ്ക്ക് ടിയാനെ അസഭ്യം വിളിച്ച് ദേഹോപദ്രവം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 10.02.2019 തീയതി 06.00 മണിയ്ക്ക് തിരുപുറം വില്ലേജിൽ തൈക്കൂട്ടം എന്ന സ്ഥലത്ത് ഇടവഴിയിൽ വച്ച് അസഭ്യം വിളിച്ച് വലത് കൈ ഓങ്ങി ഒന്നാം സാക്ഷിയുടെ ഇടത് വശം ചെകിടത്ത് ശക്തിയായി അടിച്ച് വേദനിപ്പിച്ചും പുറം തിരിഞ്ഞ ഒന്നാം സാക്ഷിയുടെ നട്ടെല്ലിന്റെ ഭാഗത്തായി പ്രതി വലത് കൈ മുറുക്കി ഇടിച്ച് വേദനിപ്പിച്ചും ഇന്ത്യൻ ശിക്ഷാ നിയമം 294 (b), 323 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. കുറ്റവിചാരണ നടപടി സംഹിതയുടെ 173-ആം വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനക്ക് എടുക്കാൻ തക്ക കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് ST No.211/2019 ആയി അക്കമിട്ട് പ്രതി കോടതിയിൽ ഹാജരാകാനുള്ള കല്പന അയക്കുകയും ചെയ്തു.

4. കുറ്റപത്രത്തിന്റെയും അനുബന്ധരേഖകളുടെയും പകർപ്പുകൾ പ്രതിയ്ക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണ് എന്ന് സമ്മതിച്ച് സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി നിയമം 207 ആം വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

5. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി. ജാമ്യത്തിന് അർഹനായതിനാൽ ടി പ്രതിയെ ജാമ്യത്തിൽ വിട്ടു.

6. പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമം 294 (b), 323 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ച് വിചാരണ വേണമെന്ന് ആവശ്യപ്പെട്ടു.

7. പ്രതിയ്ക്കെതിരെ ആരോപിച്ച കുറ്റം തെളിയിക്കുന്നതിലേയ്ക്കായി പ്രോസിക്യൂഷൻ ഭാഗത്തുനിന്നും സമർപ്പിച്ച സാക്ഷിപ്പട്ടികയിലെ സാക്ഷികളെ PW1 മുതൽ PW8 വരെ ആയി വിസ്തരിക്കുകയും Ext.P1 മുതൽ Ext.P6 വരെയുള്ള രേഖകളെ അക്കമിടുകയും അവ തെളിവിൽ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. CW9 മരണപ്പെട്ടു. ടിയാന്റെ മരണ സർട്ടിഫിക്കറ്റ് കോടതിയിൽ ഹാജരാക്കി. ഇതോടെ പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിപ്പിച്ചു.

8. പ്രോസിക്യൂഷൻ ഭാഗം തെളിവെടുപ്പിനു ശേഷം പ്രതിയോട് ക്രിമിനൽ നടപടി നിയമം 313 (1) (b) അനുസരിച്ചുള്ള ചോദ്യങ്ങൾ ചോദിച്ചു. പ്രതി തനിയ്ക്കെതിരായുള്ള എല്ലാ തെളിവുകളും നിരാകരിക്കുകയും താൻ നിരപരാധിയാണെന്ന് സമർപ്പിക്കുകയും ചെയ്തു.

9. പ്രതിഭാഗത്ത് നിന്നും Ext.D1 രേഖ തെളിവിലേക്ക് രേഖയാക്കി. ഇതോടെ പ്രതിഭാഗം തെളിവ് അവസാനിപ്പിച്ചു.

10. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവു രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

11. താഴെപറയുന്ന സംഗതികളാണ് ഈ കേസിൽ തീരുമാനിക്കപ്പെടേണ്ടത്:

1. പ്രതി 10.02.2019 തീയതി 06.00 മണിയ്ക്ക് തിരുപുറം വില്ലേജിൽ തൈക്കൂട്ടം എന്ന സ്ഥലത്ത് ഇടവഴിയിൽ വച്ച് PW1 നെ അസഭ്യം വിളിച്ച് ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b) വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?
2. പ്രതി 10.02.2019 തീയതി 06.00 മണിയ്ക്ക് തിരുപുറം വില്ലേജിൽ തൈക്കൂട്ടം എന്ന സ്ഥലത്ത് ഇടവഴിയിൽ വച്ച് PW1 നെ ദേഹോപദ്രവമേൽപ്പിച്ച് ഭാരതീയ ശിക്ഷാ സംഹിതയുടെ 323-ആം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി പ്രോസിക്യൂഷൻ ഭാഗത്തിന് സംശയാതീതമായി തെളിയിക്കാൻ സാധിച്ചിട്ടുണ്ടോ?
3. കേസിലെ തീരുമാനം എന്താണ്?

12. <u>**സാക്ഷിമൊഴികളുടെ വിവരണം:-**</u> PW1 ആയി വിസ്തരിച്ചിട്ടുള്ളത് കേസിലെ പരാതിക്കാരിയെയാണ്. 10.07.2019 ഞായറാഴ്ച ദിവസം വൈകിട്ട് 6 മണിയ്ക്കാണ് സംഭവം. തന്റെ വീടിന്റെ അടുത്തുള്ള ഇടവഴിയിൽ കിണറുവെട്ടിയ തൈക്കൂട്ടം വഴി മാങ്കൂട്ടത്തേക്ക് പോകുമ്പോൾ ഉള്ള ഇടവഴിയിലാണ് സംഭവം എന്നും താനും അമ്മയും വീട്ടിൽ നിൽക്കുന്ന സമയം വഴിയിൽ തട്ടലും മുട്ടലും കേട്ട് ഓടി അവിടെ ചെന്ന് അവിടെ നോക്കുമ്പോൾ സദാശിവിന്റെ മകൻ മുരുകനും ലക്ഷ്മണൻ നാടാരുടെ മകൻ ജോർജ്ജും പിന്നെ കണ്ടാൽ അറിയാവുന്ന കുറെ പേരും മതിലിന്റെ വഴിയിലേക്ക് കയറ്റി കെട്ടിയിരുന്ന മതിലിന്റെ ഒരു വശം ഇടിഞ്ഞു കിടക്കുന്നുണ്ടായിരുന്നു, അതിന്റെ ബാക്കി ഭാഗം കെട്ടിതുടങ്ങുന്നതായി കണ്ടു എന്നും കേസിൽ കിടക്കുന്ന വഴിയാണ് കെട്ടരുതെന്ന് താൻ പറഞ്ഞ സമയത്ത് "പുണ്ടച്ചിമോളെ നിനക്ക് ലെലാൻഡ് ലോറി കൊണ്ടുപോകാനുള്ള വഴി തരാമെന്ന്" പറഞ്ഞുകൊണ്ട് തന്റെ ഇടത് ചകിട്ടത്ത് ആഞ്ഞടിക്കുകയും തനിക്ക് തലചുറ്റലും വേദനയും ഉണ്ടായി എന്നും കൈ മുറുക്കി നട്ടെല്ലിന്റെ ഭാഗത്തായി ഇടിച്ചു എന്നും തന്റെ വിളി കേട്ട് ഭർത്താവിന്റെ അമ്മ ഓടി വന്നുവെന്നും അവർ തന്നെ പിടിച്ചുമാറ്റി എന്നും തല ചുറ്റുന്ന കാരണം വീടിനകത്ത് കയറി പോയെന്നും അവർ ഇടിഞ്ഞുകിടന്ന മതിലിന്റെ ബാക്കി ഭാഗം കെട്ടിയിട്ടാണ് പോയതെന്നും തനിക്ക് തലച്ചുറ്റലുണ്ടായ കാരണം താൻ കാറ് പിടിച്ച് നെയ്യാറ്റിൻകര ഗവൺമെന്റ് ആശുപത്രിയിൽ പോയി എന്നും മരുന്ന് തന്ന് വിട്ടയച്ചുവെന്നും പൂവ്വാർ

പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തുവെന്നും താൻ കേസിൽ കിടക്കുന്ന വഴിയാണെന്ന് പറയാൻ കാരണം 20.8.2018-ൽ അവിടെ ഒരു വഴിയുടെ പ്രശ്നം ഉള്ളതും ആ സമയത്ത് പോലീസ് സ്റ്റേഷനിൽ 4 അടി വിട്ട് കെട്ടണമെന്ന് പറഞ്ഞിട്ടുള്ളതും അവർ കേൾക്കാതെ 3 അടി വിട്ട് കെട്ടിയിട്ടുള്ളതും 785/2018 നമ്പറായി നെയ്യാറ്റിൻകര കോടതിയിൽ വഴിയുടെ കേസ് നടന്നു വരികയായിരുന്നു എന്നും അതുകൊണ്ടാണ് മതിൽ കെട്ടരുതെന്ന് താൻ പറഞ്ഞതെന്നും അടിയുടെ പ്രശ്നത്തിൽ പോലീസിൽ പരാതി നൽകിയെന്നും അവർ പോലീസ് സ്റ്റേഷനിൽ വിളിച്ച് വരുത്തി ഒത്തുതീർപ്പാക്കാൻ പറ്റുമോയെന്ന് ചോദിച്ചുവെന്നും പോലീസുകാർ വിലക്കി വിട്ടെങ്കിലും പിന്നെയും വഴിയിൽ കയറിയിരുന്ന് അസഭ്യം വിളിച്ചു പറയുകയും ശല്യം ചെയ്യുകയും ചെയ്തു. അപ്രകാരം പോലീസിൽ മൊഴി കൊടുത്തിട്ടുണ്ട് എന്നും ആയതാണ് തന്നെ കാണിച്ച Ext. P1 എന്നും ദേഹസ്ഥിതി നോട്ട് എടുത്തിരുന്നുവെന്നും പ്രത്യേകിച്ച് നോക്കിയിട്ടില്ല എന്നും തന്നെ അസഭ്യം പറഞ്ഞ് ദേഹോപദ്രവം ഏൽപ്പിച്ച മുരുകൻ എന്നയാൾ കോടതിയിൽ ഉണ്ട് എന്നുമാണ്. ടിയാന്റെ എതിർ വിസ്താരത്തിൽ ആശുപത്രിയിൽ പോയപ്പോൾ തലച്ചുറ്റലുണ്ടായിരുന്നുവെന്നും പരിശോധിച്ചതിൽ ഡോക്ടർക്ക് വിവരങ്ങൾ പറഞ്ഞുകൊടുത്തത് താനാനെന്നും തലചുറ്റലും തലവേദനയും ഉള്ള കാര്യം പറഞ്ഞ് കൊടുത്തിരുന്നു എന്നും അടിച്ചതിൽ വെച്ച് കവിളിൽ തിണർപ്പോ നീർക്കോളോ വേദനയോ ഉണ്ടായിരുന്നോ എന്ന് ചോദിച്ചതിൽ ഉണ്ടായിരുന്നു എന്നും പല്ലിന് കേടുപാടുകൾ പറ്റിയിരുന്നു എന്നും കവിളിൽ നിറ വ്യത്യാസം ഉണ്ടായിരുന്നു എന്നും രാത്രി നീരായി എന്നും പല്ല് കൊണ്ടിട്ട് കവിളിനകത്ത് മുറിവുണ്ടായി എന്നും തന്നെ കമ്പോ വടിയോ ഏതെങ്കിലും ആയുധം കൊണ്ട് ഉപദ്രവിച്ചിട്ടില്ല എന്നും വടി വെച്ച് നട്ടെല്ലിൽ ഉപദ്രവിച്ചു എന്ന് താൻ പറഞ്ഞുകൊടുത്തിട്ടില്ലായെന്നും കൈമുറുക്കി ഇടിച്ചതിൽ നട്ടെല്ലിന്റെ ഭാഗത്ത് വേദനയുണ്ടായി എന്നും നീർക്കെട്ടില്ലായിരുന്നു എന്നും വേദനയുടെ വിവരം ഡോക്ടറോട് പറഞ്ഞു കൊടുത്തു എന്നും വേദന ഉണ്ടായില്ല എന്ന് പറഞ്ഞാൽ ശരിയല്ല എന്നും സിവിൽ കേസിലെ എതിർകക്ഷിയിൽ പ്രതിയുടെ പേരുണ്ടോ ഇല്ലയോ എന്ന് ഓർമ്മയില്ല എന്നും കേസ് നിലവിലിരിക്കെ വഴി കെട്ടിയതിന് എതിരെ ഏതെങ്കിലും പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടില്ല എന്നും ഏതെങ്കിലും സിവിൽ കേസ് നടക്കുമ്പോൾ നിർമ്മാണം നടത്തിയതിൽ ഏതെങ്കിലും നടപടി സിവിൽ

കോടതിയിലുള്ളതായി തനിക്കറിയില്ല എന്നും വഴിയിൽ നിർമ്മാണ പ്രവർത്തനം നടത്തരുതെന്ന് കോടതിയിൽ നിന്നും നിരോധന ഉത്തരവില്ല എന്നും വഴിയുടെ ഇരുവശങ്ങളിലും പ്രതിയ്ക്ക് വസ്തുവില്ലായെന്നും വഴിയുടെ മുൻപിലുള്ള ടാർ ഇട്ട റോഡ് കുട്ടനിന്നതിൽ നിന്നും തെക്കോട്ടേക്ക് പോകുന്ന റോഡാണ് എന്നും വഴിയും റോഡും കഴിഞ്ഞാണ് പ്രതിയുടെ വീടെന്നും നാലടി മതിലുണ്ടായിരുന്നത് അവർ മതിൽ കേറ്റി കെട്ടിയതിനെതിരെയായിരുന്ന കേസ് എന്നും വഴിയിൽ ഷീജ എന്നയാളുടെ വസ്തു ഉണ്ട് എന്നും അവരുടെ വീടിന്റെ സൺഷെയ്ഡ് ലെവലിലാണ് മതിൽ ഇരിക്കുന്നതെന്ന് ചോദിച്ചതിൽ, അവിടെ മറയുന്ന ഭാഗം മതിൽ കെട്ടിയിട്ടില്ല, ബേസ്മെന്റ് കെട്ടിയിട്ടില്ല എന്നും വീടിനടുത്താണ് പൂവാർ പബ്ലിക് ഹെൽത്ത് സെന്ററെന്നും വീടിനടുത്തുനിന്നും 3 km മാറി സർക്കാർ PHC ഉണ്ടെന്നും താനും അമ്മയും മകളും കൂടിയാണ് ആശുപത്രിയിൽ പോയതെന്നും അവിടെയാണ് ഭർത്താവ് വന്നതെന്നും അമ്മ കാറിൽ തന്നെ തിരിച്ച വന്ന എന്നും കേസിനെ സംബന്ധിച്ച് ആശുപത്രിയിൽ വെച്ച് പോലീസ് അറിഞ്ഞു എന്ന് തോന്നുന്ന എന്നും പിറ്റേ ദിവസം പോലീസ് സ്റ്റേഷനിൽ പോയി വിവരങ്ങൾ പറഞ്ഞുകൊടുത്തിരുന്നു എന്ന് മൊഴി തന്നിരിക്കുന്നു.

13. PW2 മുഖ്യവിസ്താരത്തിൽ മൊഴി തന്നിട്ടുള്ളത് CW1-നെ അറിയാമെന്നും തന്റെ മരുമകളാണെന്നും കേസില സംഭവം കണ്ടിരുന്നുവെന്നും 10.02.2019 -ലാണ് സംഭവം എന്നും സന്ധ്യയ്ക്ക് 6 മണിക്കാണെന്നും തങ്ങളുടെ വീടിന്റെ മുൻവശത്ത് വെച്ച് മുരുകനും വേറെ കുറച്ച് ആളുകളും മതിൽ കെട്ടാൻ വന്നുവെന്നും തങ്ങളുടെ മുൻവശം മുരുകന്റെ വീടിന്റെ പുറകുവശം ആണ് എന്നും കേസ് ഉള്ളതാണെന്നും അതിൽ മതിൽ കെട്ടരുതെന്ന് മരുമകൾ പറഞ്ഞു എന്നും വഴക്കായി എന്നും മുരുകൻ തന്റെ മരുമകളുടെ കവളിൽ അടിച്ചുവെന്നും ലോറി കൊണ്ടുപോകാൻ സ്ഥലം തരാമെന്ന് പറഞ്ഞ് കുറുക്കിനിടിച്ചുവെന്നും നെയ്യാറ്റിൻകര ആശുപത്രിയിൽ കൊണ്ടുപോയി എന്നും വേറൊന്നും സംഭവിച്ചിട്ടില്ലായെന്നും ഇപ്രകാരം ചെയ്തതയാളാണ് ആണ് കോടതിയിൽ കൂട്ടിൽ നിൽക്കുന്നതെന്നും മൊഴി തന്നിരിക്കുന്നു. ടിയാൾ എതിർവിസ്താരത്തിൽ താനും മരുമകളും ഒരു വീട്ടിലാണ് താമസം എന്നും മുരുകന്റെ വീടിന്റെ പുറക് വശത്താണ് സംഭവമെന്നും ഒരടിയാണ് കവിളിലടിച്ചതെന്നും ഇടതുവശത്താണ് അടിച്ചതെന്നും അടികൊണ്ട ഭാഗത്ത് ചുവപ്പ് കളർ ഉണ്ടായിരുന്നുവെന്നും വായ്ക്കകത്ത് മുറിവൊന്നും

ഉണ്ടായില്ല എന്നും അന്വേഷണ ഉദ്യോഗസ്ഥൻ തന്നോടൊന്നും ചോദിച്ചില്ല എന്നും വീട്ടിൽ നിന്നാൽ കാണാൻ പറ്റുന്ന സ്ഥലമാണ് സംഭവസ്ഥലമെന്നും സംഭവം താൻ വീടിന്റെ വരാന്തയിൽ നിന്നാണ് നോക്കിയതെന്നും വഴിയെ സംബന്ധിച്ച് അവിടുത്തെ ആളുകളുമായി കുറച്ച് നാളുകളായി കേസ് നടന്നുവരികയാണെന്നും വഴിയുടെ വീതി കൂടാൻ കേസ് കൊടുത്തിരിക്കുന്നത് മകനാണ് എന്നും വഴിയുടെ മുൻഭാഗത്ത് ടാറിട്ട റോഡുണ്ട് എന്നും ടാറിട്ട റോഡിന്റെ മറുഭാഗത്താണ് മുരുകന്റെ വീട് എന്നും മൊഴി തന്നിരിക്കുന്നു.

14. PW3 കേസിലെ സംഭവം കണ്ടിട്ടില്ലായെന്ന് വിചാരണ ഭാഗത്തിനെതിരായാണ് തെളിവ് നൽകിയിരിക്കുന്നത്.

15. PW4 പോലീസ് സംഭവസ്ഥലം പരിശോധിക്കുന്നത് താൻ കണ്ടിട്ടില്ലായെന്നും സ്റ്റേഷനിൽ വെച്ചാണ് മഹസ്സറിൽ ഒപ്പിട്ടതെന്നും മൊഴി തന്നിരിക്കുന്നു.

16. PW5 മൊഴി നന്നിട്ടുള്ളത് 2019 കാലഘട്ടത്തിൽ താൻ പൂവ്വാർ പോലീസ് സ്റ്റേഷനിൽ SCPO ആയി ജോലി നോക്കവേ പൂവ്വാർ ക്രൈം. 198/2019 ലെ വാദി ഷീനയുടെ FIS രേഖപ്പെടുത്തിയത് താനാണെന്നും ആയതാണ് Ext. P1 എന്നും ടിയാളുടെ ദേഹസ്ഥിതി നോട്ട് താൻ തയ്യാറാക്കിയെന്നും ബാഹ്യമായ പരിക്കുകൾ ഇല്ലായിരുന്നു എന്നും തലവേദനയും ഇടതുകണ്ണിന്റെ ഭാഗത്ത് വേദനയും നടുവിന് വേദനയും ഉള്ളതായി പറഞ്ഞു എന്നും 21.02.2019-ലാണ് FIS എടുത്തിട്ടുള്ളതെന്നും കൃത്യം നടന്നു എന്ന് പറഞ്ഞിരിക്കുന്നത് 10.02.2019-ലാണ് എന്നും PW1 എഴുതി തയ്യാറാക്കിയ പരാതിയൊന്നും തന്നിരുന്നില്ല എന്നും ഭേദനയുള്ളതായി Ext.P1 (a) ൽ രേഖപ്പെടുത്തിയിരിക്കുന്നത് PW1 പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് എന്നും മൊഴി തന്നിരിക്കുന്നു.

17. PW6 മൊഴി തന്നിരിക്കുന്നത് കേസിലെ സംഭവം കണ്ടിരുന്നുവെന്നും സംഭവകാലയളവിൽ തനിക്ക് പെയിന്റ് പണിയായിരുന്നുവെന്നും പരാതിക്കാരി ഷീനയെ അറിയാമെന്നും ഷീനയുടെ ഭർത്താവ് ഷിജുവിന്റെ കൂടെയാണ് താൻ പണിക്ക് പോകുന്നതെന്നും സംഭവം 10.02.2019 വൈകിട്ട് 6 മണിയ്ക്കാണെന്നും പിറ്റേ ദിവസം പണിയുണ്ടോ എന്ന് ചോദിക്കാൻ ഷിബുവിന്റെ വീട്ടിൽ പോയപ്പോഴാണ് കണ്ടതെന്നും

ഷിബുവിന്റെ വീട്ടിലേക്ക് പോകുന്ന ഇടവഴിയിൽ 4-5 പേർ ചേർന്ന് മതിൽ കെട്ടിക്കൊണ്ടിരിക്കുകയായിരുന്നു എന്നും ഇത് കണ്ട് ഷീന കേസിൽ കിടക്കുന്ന വസ്തുവാണ് മതിൽ കെട്ടരുതെന്ന് പറഞ്ഞുവെന്നും ഷീന വന്നപ്പോൾ 4 പേരിൽ ഒരാൾ ചെകിടത്തടിച്ചു എന്നും അസഭ്യ വാക്ക് പറഞ്ഞു എന്നും 'പുണ്ടച്ചിമോളെ' എന്ന് പറഞ്ഞു എന്നും അതിനു ശേഷം ഷീന തിരിഞ്ഞ് നടക്കുമ്പോൾ ബാക്കിൽ നട്ടെല്ലിന്റെ ഭാഗത്ത് സ്ട്രോങ്ങായിട്ട് ഇടിക്കുകയായിരുന്നു എന്നും കുറച്ച് കഴിഞ്ഞ് ഞാൻ വീട്ടിൽ പോയി എന്നും ഇടിച്ച ആളെ കണ്ടാൽ അറിയാമെന്നും കോടതിയിൽ കൂട്ടിൽ നിൽക്കുന്ന പ്രതിയാണ് എന്നുമാണ്. ടിയാന്റെ എതിർ വിസ്താരത്തിൽ പരാതിക്കാരിയുടെ ഭർത്താവുമായി ആ സമയം 2 വർഷമായി ജോലി ചെയ്തു വരികയായിരുന്നു എന്നും താൻ താമസിക്കുന്നത് കരുംകുളം വില്ലേജിലാണ് എന്നും സംഭവം നടന്ന സ്ഥലവും താൻ താമസിക്കുന്ന സ്ഥലവും തമ്മിൽ 5 കിലോമീറ്റർ ദൂരമുണ്ട് എന്നും പരാതിക്കാരിയുടെ ഭർത്താവിന്റെ നമ്പർ തന്റെ ഫോണിൽ ഉണ്ട് എന്നും സാധാരണ ആ നമ്പറിൽ വിളിച്ച് സംസാരിക്കാറുണ്ട് എന്നും ജോലിക്കാര്യം സംസാരിക്കാൻ പോയി എന്നത് കേസിനായി കളവ് പറയുകയാണെന്ന് പറഞ്ഞാൽ ശരിയല്ല എന്നും കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥൻ കണ്ട് ചോദിച്ചിരുന്നു എന്നും സംഭവ ദിവസമല്ല പിന്നീട് ഒരു ദിവസമാണ് എന്നും കോടതിയിൽ പറഞ്ഞ അസഭ്യ വാക്ക് അന്വേഷണഉദ്യോഗസ്ഥന് പറഞ്ഞു കൊടുത്തിരുന്നു എന്നും അങ്ങനെ മൊഴിയിൽ കാണുന്നില്ലെങ്കിൽ അവർ എഴുതാത്തതായിരിക്കും എന്നും പരാതിക്കാരിയും ഭർത്താവും തന്നോടൊപ്പമിന്ന് കോടതിയിൽ വന്നിട്ടുണ്ട് എന്നും മുരുകനെ മുൻപരിചയമില്ല എന്നും പ്രതിയെ പോലീസ് തനിക്ക് കാണിച്ചു തരികയോ താൻ പോലീസിന് കാണിച്ചു കൊടുക്കുകയോ ചെയ്തിട്ടില്ല എന്നും വഴി സംബന്ധിച്ചുള്ള കേസിനെപ്പറ്റി തനിക്ക് നേരിട്ട് അറിവില്ല എന്നും വഴക്ക് നടക്കുമ്പോൾ കേസ് നടക്കുന്ന വസ്തുവാണെന്ന് ഷീന പറഞ്ഞറിഞ്ഞു എന്നും സംഭവ സ്ഥലത്ത് 2 വീടുകളെ ഉള്ളൂ എന്നും മൊഴി തന്നിരിക്കുന്നു.

18. PW7, താൻ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ആയി ജോലി നോക്കവെ 10.02.2019 തീയതി 34 വയസ്സുള്ള ഷീനയെന്നയാളെ പരിശോധിച്ചു എന്നും മാങ്കൂട്ടം എന്ന സ്ഥലത്ത് വൈകിട്ട് 6 മണിയോടുകൂടി മുരുകൻ എന്നയാൾ കൈ ചുരുട്ടി മുഖത്ത് അടിക്കുകയും ഇടിക്കുകയും

നടുവിൽ വടി വെച്ച് അടിക്കുകയും ചെയ്തതിൽ വെച്ച് എന്നാണ് പറഞ്ഞതെന്നും പരിശോധനയിൽ പേഷ്യന്റ് സ്റ്റേബിളായിരുന്നു എന്നും താൻ ഇഷ്യൂ ചെയ്ത വൂണ്ട് സർട്ടിഫിക്കറ്റാണ് Ext.P3 എന്നും മുഖ്യവിസ്താരത്തിൽ മൊഴി തന്നിരിക്കുന്നു. തന്റെ പരിശോധനയിൽ സർട്ടിഫിക്കറ്റിൽ വേദനയുള്ളതായോ തലച്ചുറ്റലുള്ളതായോ മറ്റെന്തെങ്കിലും പാടോ തിണർപ്പോ ഉള്ളതായോ ഒന്നും നോട്ട് ചെയ്തിട്ടില്ലായെന്നും ആരോപിക്കും പ്രകാരമുള്ള രീതിയിൽ ഏതെങ്കിലും പാടുകളോ പരിക്കുകളോ നോട്ട് ചെയ്തിട്ടില്ല എന്നും ടിയാൾ എതിർവിസ്താരത്തിൽ മൊഴി തന്നിരിക്കുന്നു.

19. PW8 ആയി വിസ്തരിച്ചിട്ടുള്ളത് ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനെയാണ്. ടിയാൻ 21.02.2019 ൽ പൂവ്വാർ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറായി ജോലി നോക്കി വരവെ 7-ാം സാക്ഷി രേഖപ്പെടുത്തിയ പ്രഥമ വിവരത്തിന്റെ അടിസ്ഥാനത്തിൽ Ext.P4 FIR രജിസ്റ്റർ ചെയ്തു എന്നും കൃത്യസ്ഥലത്ത് ഹാജരായി കൃത്യസ്ഥല മഹസർ തയ്യാറാക്കി കോടതിയ്ക്ക് അയച്ചുവെന്നും കൃത്യസ്ഥലം തിരുപ്പുറം വില്ലേജിൽ തിരുപ്പുറത്തുർ ദേശത്ത് കുടനിന്ന സി.എസ്.ഐ പള്ളിക്ക് സമീപമാണ് എന്നും സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ പ്രതിയുടെ പേരും മേൽവിലാസവും തിരിച്ചറിഞ്ഞ് Ext.P5 റിപ്പോർട്ട് കോടതിയ്ക്ക് അയച്ചുവെന്നും സാക്ഷികളെ കണ്ട് ചോദിച്ച് അന്വേഷണം നടത്തിയെന്നും മൊഴി തന്നിരിക്കുന്നു. ടിയാന്റെ എതിർ വിസ്താരത്തിൽ FIR പ്രകാരം 10.02.2019 -ലാണ് സംഭവം നടന്നിട്ടുള്ളതെന്നും Ext.P4 പ്രകാരം ഡേറ്റ് ഓഫ് റിപ്പോർട്ട് 21.02.2019 ആണ് എന്നും കോളം നമ്പർ 8-ൽ കാലതാമസത്തിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല എന്നും Ext. P4 ൽ വിളിച്ചു എന്ന് പറയുന്ന അസഭ്യ വാക്ക് ഏതാണെന്ന് കൃത്യമായി എടുത്തു പറഞ്ഞിട്ടില്ല എന്ന് പറഞ്ഞാൽ ശരിയാണെന്നും മൊഴിയിൽ പറഞ്ഞിട്ടുണ്ട് എന്നും സിവിൽ കേസിന്റെ രേഖകൾ താൻ കാണുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല എന്നും നിർമ്മാണ പ്രവർത്തനം നടത്തിയെന്ന് പറയുന്ന മതിലിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ താൻ കാണുകയോ കോടതിയിൽ ഹാജരാക്കുകയോ ചെയ്തിട്ടില്ലായെന്നും കേസിലെ ഒന്നാം സാക്ഷി സംഭവം സംബന്ധിച്ച് റിട്ടൺ കംപ്ലൈന്റ് തന്റെ കയ്യിൽ നൽകിയിരുന്നു എന്നും 16.03.2019 ൽ പെറ്റീഷനായി രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു എന്നും ഈ പെറ്റീഷിന്റെ കോപ്പി താൻ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല എന്നും CW3 താമസിക്കുന്ന പുല്ലുവിള എന്ന സ്ഥലത്ത് നിന്നും

തിരുപുറം എന്ന സ്ഥലത്തേക്ക് ഏകദേശം 5 km ദൂരം വരുമെന്നും മൂന്നാം സാക്ഷി സംഭവ സമയം സ്ഥലത്തുള്ളതായി ഒന്നാം സാക്ഷിയോ രണ്ടാം സാക്ഷിയോ മൊഴി നൽകിയിട്ടില്ല എന്നും പൂവ്വാർ ആശുപത്രിയും നെയ്യാറ്റിൻകര ആശുപത്രിയും സംഭവ സ്ഥലത്ത് നിന്നും അധികം ദൂരമുള്ള ആശുപത്രികൾ അല്ല എന്നും ഇടവഴി തുടങ്ങുന്നത് പുത്തൻകട റോഡിൽ നിന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ദിശ രേഖപ്പെടുത്തിയിട്ടില്ലായെന്നും ഇടവഴിയുടെ ഇരുവശത്തും വീടുകളുള്ളതായി രേഖപ്പെടുത്തിയിട്ടില്ല എന്നും ലീല എന്നയാളുടെ വീടിനെപ്പറ്റി മാത്രമേ പരാമർശിച്ചിട്ടുള്ളൂ എന്നും Ext.P2 ൽ സിമി മുതൽ പേർ വക വീടും ഷിബു മുതൽ പേർ വക വീടും രേഖപ്പെടുത്തിയിട്ടുണ്ട് എന്നും മൊഴി തന്നിരിക്കുന്നു.

20. PW8 നെ പുനർവിസ്താരം നടത്തി Ext.P6 ബെയിൽബോണ്ട് തെളിവിലേക്ക് രേഖയാക്കിയിട്ടുണ്ട്. ടി ബെയിൽ ബോണ്ട് തയ്യാറാക്കിയിട്ടുള്ള CW9 ന്റെ ഒപ്പ് PW8-നെ കൊണ്ട് തിരിച്ചറിയിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് ഫയൽ ചെയ്തിട്ടുള്ളത് CW9 ആണ് എന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ട്. ടിയാന്റെ എതിർവിസ്താരത്തിൽ CW9 കേസിൽ നടത്തിയ അന്വേഷണത്തെപ്പറ്റി തനിക്ക് നേരിട്ട് അറിവില്ല എന്നും താനും CW9 നും ഒരേ സമയം സ്റ്റേഷനിൽ ജോലി ചെയ്തിട്ടില്ല എന്നും മൊഴി തന്നിരിക്കുന്നു.

21. **ഒന്നും രണ്ടും സംഗതികൾ:** വസ്തുതകളുടെ ആവർത്തനം ഒഴിവാക്കാനും അവലോകന സൗകര്യത്തിനുമായി ഒന്നും രണ്ടും സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു. പ്രതിയ്ക്കെതിരെ ആരോപിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 294(b), 323 വകുപ്പുകൾ പ്രകാരം ഉള്ളവയാണ്. പ്രതി 10.02.2019 തീയതി 06.00 മണിയ്ക്ക് തിരുപുറം വില്ലേജിൽ തൈക്കുട്ടം എന്ന സ്ഥലത്ത് ഇടവഴിയിൽ വച്ച് അസഭ്യം വിളിച്ച് വലത് കൈ ഓങ്ങി ഒന്നാം സാക്ഷിയുടെ ഇടത് വശം ചെകിടത്ത് ശക്തിയായി അടിച്ച് വേദനിപ്പിച്ചും പുറം തിരിഞ്ഞ ഒന്നാം സാക്ഷിയുടെ നട്ടെല്ലിന്റെ ഭാഗത്തായി പ്രതി വലത് കൈ മുറുക്കി ഇടിച്ച് വേദനിപ്പിച്ചും ഇന്ത്യൻ ശിക്ഷാ നിയമം 294 (b), 323 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തു എന്നതാണ് വിചാരണ ഭാഗം കേസ്.

22. ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 323-ാം വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യത്തിന്റെ ഘടകങ്ങൾ പ്രതി തന്റെ ബോധപൂർവ്വമായ ഒരു പ്രവർത്തി മൂലം ഒരാളുടെ ശരീരത്തിൽ

വേദന, രോഗം അല്ലെങ്കിൽ ബലഹീനത ഉണ്ടാക്കണം എന്നുള്ളതാണ്. പ്രതി തന്റെ ഇടത് ചകിട്ടത്ത് ആഞ്ഞടിച്ചുവെന്നും തനിക്ക് തലചുറ്റലും വേദനയും ഉണ്ടായി എന്നും കൈ മുറുക്കി നട്ടെല്ലിന്റെ ഭാഗത്ത് ഇടിച്ചു എന്നും PW1 മൊഴി തന്നിരിക്കുന്നു. ആശുപത്രിയിൽ പോയപ്പോൾ തലച്ചുറ്റലുണ്ടായിരുന്നുവെന്നും ഡോക്ടർക്ക് വിവരങ്ങൾ പറഞ്ഞുകൊടുത്തത് താനാണെന്നും തലചുറ്റലും തലവേദനയുമുള്ള കാര്യം ഡോക്ടറോട് പറഞ്ഞു എന്നും അടിച്ചതിൽ കവിളിൽ തിണർപ്പും, നീർക്കോളും വേദനയും ഉണ്ടായിരുന്നുവെന്നും പല്ലിന് കേടുപാട് പറ്റി പിന്നെ എടുത്ത് മാറ്റിയെന്നും കവിളിൽ നിറവ്യത്യാസം ഉണ്ടായി എന്നും കവിളിനകവശത്ത് പല്ലുകൊണ്ട് മുറിവുണ്ടായി എന്നും തന്നെ കമ്പോ വടിയോ ഏതെങ്കിലും ആയുധങ്ങൾ ഉപയോഗിച്ച് ഉപദ്രവിച്ചിട്ടില്ല എന്നും വടി വെച്ച് നട്ടെല്ലിൽ ഉപദ്രവിച്ചുവെന്ന് താൻ പറഞ്ഞു കൊടുത്തിട്ടില്ല എന്ന് ടിയാൾ മൊഴി തന്നിട്ടുണ്ട്. PW2 മൊഴി കൊടുത്തിട്ടുള്ളത് തന്റെ മരുമകളുടെ കവിളിനടിച്ചു എന്നും കുറുക്കിനിടിച്ചു എന്നും വേറൊന്നും സംഭവിച്ചിട്ടില്ല എന്നുമാണ്. ടിയാളുടെ ഇടത് കവിളത്താണ് അടിച്ചതെന്നും അടികൊണ്ട ഭാഗത്ത് ചുവപ്പ് കളർ ഉണ്ടായിരുന്നതായും പറഞ്ഞിട്ടുണ്ട്. വായിൽ മുറിവൊന്നും ഉണ്ടായില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. PW7 തന്റെ മൊഴിയിൽ PW1 നെ താൻ 10.02.2019 -ൽ പരിശോധിച്ചു എന്നും മുരുകനെന്നയാൾ കൈ ചുരുട്ടി മുഖത്ത് അടിക്കുകയും നടുവിൽ വടി വെച്ചടിക്കുകയും ഇടിക്കുകയും ചെയ്തു എന്നാണ് പറഞ്ഞിട്ടുള്ളതെന്നും പരിശോധിച്ചതിൽ തലചുറ്റലോ വൊമിറ്റിംഗോ ബ്ലീഡിംഗോ ഒന്നും ഉണ്ടായിരുന്നില്ല എന്നും പറഞ്ഞിരിക്കുന്നു, Ext.P3 വൂണ്ട് സർട്ടിഫിക്കറ്റിൽ പേഷ്യന്റ് സ്റ്റേബിൾ എന്നാണ് എഴുതിയിട്ടുള്ളത്. ഇൻഞ്ച്വറീസ് ഒന്നും മെൻഷൻ ചെയ്തിട്ടില്ല. PW1 മൊഴിയിൽ പറയും പ്രകാരം ചുവന്ന നിറമുള്ളതായിട്ടോ കവിളിൽ തിണർപ്പുള്ളതായിട്ടോ കവിളിൽ മുറിവുള്ളതായിട്ടോ PW1ന് ഏതെങ്കിലും തരത്തിലുള്ള വേദന ഉള്ളതായിട്ടോ Ext. P3 വൂണ്ട് സർട്ടിഫിക്കറ്റിൽ പ്രതിപാദിക്കുന്നില്ല. എതിർഭാഗം അഭിഭാഷകൻ എതിർ വിസ്താരത്തിൽ ചോദിച്ചതുപോലെ തന്നെ പരിക്കുകളെ പറ്റിയിട്ടുള്ള ഒപ്പീനിയൻ Ext.P3 യിൽ നോട്ട് ചെയ്തിട്ടില്ല. Ext.P3 വൂണ്ട് സർട്ടിഫിക്കറ്റിലെ വിവരങ്ങൾ PW1 കോടതിയിൽ തന്നിട്ടുള്ള മൊഴിയുമായി വളരെ വൈരുദ്ധ്യത്തിൽ ഉള്ളതാണ്. കൂടാതെ Ext.P3 വൂണ്ട് സർട്ടിഫിക്കറ്റിൽ നടുവിന് വടി വച്ച് അടിക്കുകയും ചെയ്തു എന്നാണ് പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ PW1 തന്റെ

മൊഴിയിൽ ആയുധങ്ങളൊന്നും വച്ച് ഉപദ്രവിച്ചിട്ടില്ലായെന്ന് പറഞ്ഞിരിക്കുന്നു. ടി വൈരുദ്ധ്യവും വളരെ ഗുരുതര സ്വഭാവമുള്ളതാണ്. ഇന്ത്യൻ ശിക്ഷാ നിയമം 323 പ്രകാരമുള്ള കുറ്റകൃത്യം സ്ഥാപിക്കുന്നതിലേക്ക് വേണ്ട ഘടകങ്ങൾ ഒന്നും തന്നെ സ്ഥാപിക്കാൻ അതിനാൽ വിചാരണ ഭാഗത്തിന് സാധിച്ചിട്ടില്ല.

23. ഇന്ത്യൻ ശിക്ഷാ നിയമം 294 (b) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം നിലനിൽക്കണമെങ്കിൽ പ്രതി സംഭവ സ്ഥലത്ത് അശ്ലീല വാക്കുകൾ ഉച്ചരിക്കുകയും അത്തരം പ്രവൃത്തി മറ്റുള്ളവർക്ക് അലോസരം ഉണ്ടാക്കുകയും ചെയ്തു എന്ന് തെളിയിക്കണം. PW1 തന്റെ മൊഴിയിൽ പ്രതി 'പുണ്ടച്ചിമോളെ' എന്ന് വിളിച്ചതായി പറയുന്നുണ്ട്. Ext.P4-ൽ അസഭ്യങ്ങൾ വിളിച്ചു എന്ന് പറയുന്നുണ്ടെങ്കിലും എന്ത് അസഭ്യമാണ് വിളിച്ചതെന്ന് പറഞ്ഞിട്ടില്ല. ദൃക്സാക്ഷിയായിട്ടുള്ള PW2 മൊഴി തന്നതിൽ പ്രതി മരുമകളുടെ കവിളിനടിച്ചുവെന്നും ലോറി കൊണ്ടുപോകാൻ സ്ഥലം തരാമെന്ന് പറഞ്ഞ് കുറുക്കിനിടിച്ചുവെന്നും വേറെ ഒന്നും സംഭവിച്ചിട്ടില്ല എന്നാണ് മൊഴി തന്നിട്ടുള്ളത്. അസഭ്യങ്ങൾ വിളിച്ചതായി ടിയാളുടെ മൊഴിയിൽ പ്രതിപാദിച്ചിട്ടില്ല. PW6 ആയി വിസ്തരിച്ചിട്ടുള്ളത് മറ്റൊരു ദൃക്സാക്ഷിയെയാണ്. ടിയാൻ തന്റെ മൊഴിയിൽ ഇപ്രകാരം 'പുണ്ടച്ചിമോളെ' എന്ന ചീത്ത വിളിച്ചതായി പറയുന്നുണ്ട്. ഇപ്രകാരം കോടതിയിൽ പറഞ്ഞ അസഭ്യവാക്ക് അന്വേഷണ ഉദ്യോഗസ്ഥന് പറഞ്ഞു കൊടുത്തിരുന്നു എന്നാണ് ടിയാൻ മൊഴി തന്നിട്ടുള്ളത്. എന്നാൽ ടിയാന്റെ മൊഴിയിൽ ഇപ്രകാരം അസഭ്യവാക്ക് പറഞ്ഞുകൊടുത്തതായി കാണുന്നില്ല, ചീത്ത വിളിച്ചു എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. മാത്രവുമല്ല ടിയാൻ സംഭവ ദിവസം വൈകുന്നേരം 6 മണിക്ക് പരാതിക്കാരിയുടെ ഭർത്താവിനെ കണ്ടു പിറ്റേന്ന് പണി ഉണ്ടോ എന്ന് ചോദിക്കാൻ ടിയാന്റെ വീട്ടിൽ പോയതാണ്, അപ്പോൾ സംഭവം കണ്ടു എന്നാണ് പറഞ്ഞിട്ടുള്ളത്. സംഭവസ്ഥലവുമായി താൻ താമസിക്കുന്ന സ്ഥലത്തിന് 5 km ദൂരമുണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. പരാതിക്കാരിയുടെ ഭർത്താവിന്റെ നമ്പർ തന്റെ ഫോണിൽ ഉണ്ട് എന്നും സാധാരണ നമ്പറിൽ വിളിച്ച് സംസാരിക്കാറുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. 5 km ദൂരെയുള്ള സ്ഥലത്തേക്ക് പണി ഉണ്ടോ എന്ന് ചോദിക്കാൻ പോയി എന്നുള്ളത് വിശ്വാസയോഗ്യമായ ഒരു വിശദീകരണമല്ല. മാത്രവുമല്ല PW1, PW2 എന്നീ സാക്ഷികളുടെ മൊഴിയിൽ PW6 സംഭവസ്ഥലത്ത് ഉള്ളതായോ സംഭവം കണ്ടതായോ പറയുന്നില്ല. കൂടാതെ

പരാതിക്കാരിയും ഭർത്താവും തന്നോടൊപ്പം അന്നേദിവസം കോടതിയിൽ വന്നിട്ടുണ്ട് എന്ന് വിസ്തരിച്ചപ്പോൾ ടിയാൻ എതിർ വിസ്താരത്തിൽ പറഞ്ഞിട്ടുമുണ്ട്. ഇത് ചേർത്ത് പരിഗണിക്കുമ്പോൾ ടിയാന്റെ മൊഴിയിൽ പൂർണ്ണമായും വിശ്വാസ്യത ഊന്നാൻ സാധിക്കില്ല. മറ്റ് തെളിവുകൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

24. മറ്റൊരു തെളിവായി ഹാജരാക്കിയിട്ടുള്ളത് PW1 ന്റെ മൊഴിയാണ്. മുകളിൽ വിശദീകരിച്ചതുപോലെ തന്നെ ടിയാന്റെ മൊഴിയും മെഡിക്കൽ രേഖയും PW7 ന്റെ മൊഴിയും തമ്മിൽ വളരെ ഗുരുതരമായ വൈരുദ്ധ്യമാണുള്ളത്. ആയതിനാൽ തന്നെ PW1 ന്റെ മൊഴിയും പൂർണ്ണമായും വിശ്വാസത്തിൽ എടുക്കത്തക്കതല്ല. മറ്റ് സ്ഥിരീകരണ തെളിവുകളൊന്നും ഹാജരാക്കിയിട്ടുമില്ല. ഇതിന് പുറമെ പ്രതി ഉപയോഗിച്ച അസഭ്യവാക്ക് അസഭ്യമാണെന്ന് തെളിയിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ***Latheef v. State of Kerala (2014 (2) KHC 604)*** എന്ന വിധിന്യായത്തിൽ ഇപ്രകാരം പറയുന്നു: *"അധിക്ഷേപകരമായ വാക്കുകളോ, അപമാനകരമായ വാക്കുകളോ, അപകീർത്തികരമായ വാക്കുകളോ നിയമം നിർവചിച്ചിട്ടുള്ള അശ്ലീലതയുടെ (obscenity) പരിധിയിൽ വരികയില്ല.' അതിനാൽ, ഉപയോഗിച്ച വാക്കുകൾ നിയമപരമായ മാനദണ്ഡങ്ങൾ അനുസരിച്ച് 'അശ്ലീലമാണെന്ന്' തെളിയിക്കേണ്ട ബാധ്യത പ്രോസിക്യൂഷനുണ്ട്."* ഈ വിധിന്യായത്തിൽ പറയും പ്രകാരം അപ്രകാരം ഒരു അസഭ്യവാക്ക് ഉപയോഗിച്ചത് ഒബ്സിനാണെന്നുള്ളതിന് തെളിവുമില്ല.

25. സംഭവം നടന്നത് 10.2.2019 -ലാണ്. എന്നാൽ പോലീസിൽ പരാതി നൽകുന്നത് 21.02.2019 ലാണ്. 11 ദിവസത്തെ കാലതാമസത്തിന് കൃത്യമായ വിശദീകരണം ടിയാന്റെ മൊഴിയിൽ കാണുന്നില്ല. അന്വേഷണ ഉദ്യോഗസ്ഥനായിട്ടുള്ള PW8 തന്റെ മൊഴിയിൽ 10.02.2019 ആണ് സംഭവം എന്നും, 21.02.2019 ആണ് പരാതി നൽകിയതെന്നും Ext. P4-ന്റെ കോളം നമ്പർ 8-ൽ കാലതാമസത്തിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല എന്ന് മൊഴി തന്നിട്ടുണ്ട്. സംഭവം സംബന്ധിച്ച് പരാതിക്കാരി റിട്ടൺ കംപ്ലയിന്റ് നൽകിയിട്ടുണ്ട് എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങനെയൊരു കംപ്ലയിന്റിന്റെ കോപ്പി കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല. ***State of Himachal***

***Pradesh* v. *Gianchand [AIR 2001 (1) SC 2075]*** എന്ന വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി പറഞ്ഞിട്ടുള്ളതെന്തെന്നാൽ "FIR നൽകുന്നതിനുള്ള കാലതാമസം കോടതിയെ ജാഗ്രതയിൽ നിർത്തുന്നതാണ്. കാലതാമസത്തിന് കാരണമെന്താണെന്നോ അത് തൃപ്തികരമാണോ എന്നും കോടതി പരിശോധിക്കണം. പ്രോസിക്യൂഷൻ കാലതാമസത്തിന് തൃപ്തികരമായ വിശദീകരണം നൽകാതിരിക്കുകയും അതിനാൽ പ്രോസിക്യൂഷൻ വാദത്തിൽ കൂട്ടിച്ചേർക്കലുകൾ ഉണ്ടാകാൻ സാധ്യതയും ഉണ്ടെങ്കിൽ കാലതാമസം പ്രോസിക്യൂഷന് ഹാനികരവുമായിരിക്കും. പക്ഷേ കോടതിയ്ക്ക് തൃപ്തികരമാം വിധം കാലതാമസം വിശദീകരിക്കപ്പെടുകയാണെങ്കിൽ കാലതാമസം മാത്രം കൊണ്ട് പ്രോസിക്യൂഷൻ കേസ് തള്ളാൻ കഴിയില്ല എന്നുമാണ് പറഞ്ഞിരിക്കുന്നത്." ടി വിധിന്യായത്തിൽ പറയും പ്രകാരം കാലതാമസം മതിയായ രീതിയിൽ വിശദീകരിക്കപ്പെട്ടിട്ടില്ല.

26. ബഹു. കേരള ഹൈക്കോടതിയുടെ ***Sarwan Singh Rattan Singh* v. *State of Punjab [1957 KHC 403]*** എന്ന വിധിന്യായത്തിൽ "ഒരു ക്രിമിനൽ കേസിൽ ഒരു വ്യക്തിയെ ശിക്ഷിക്കുന്നതിന് ആവശ്യമായ തെളിവിന്റെ അളവ് പരിഗണിച്ച്, ഇപ്രകാരം നിരീക്ഷിച്ചിട്ടുണ്ട്: 'സമഗ്രമായി പരിഗണിച്ചാൽ, പ്രോസിക്യൂഷൻ കഥ സത്യമായിരിക്കാം; എന്നാൽ 'സത്യമായിരിക്കാം' എന്നതിനും 'സത്യമായിരിക്കണം' എന്നതിനും ഇടയിൽ അനിവാര്യമായും ഒരു നീണ്ട ദൂരമുണ്ട്, ഈ ദൂരം മുഴുവൻ നിയമപരവും വിശ്വസനീയവും നിർവിവാദവുമായ തെളിവുകളാൽ പ്രതിയെ ശിക്ഷിക്കുന്നതിന് മുമ്പ് കടന്നുപോകേണ്ടതുണ്ട്." ഇവിടെ അപ്രകാരം തെളിവുകൾ ഹാജരാക്കി പ്രതി കുറ്റം ചെയ്തു എന്ന് സംശയാതീതമായി തെളിയിക്കുന്നതിൽ വിചാരണാഭാഗം പരാജയപ്പെട്ടു. ആയതിനാൽ ഒന്നും രണ്ടും സംഗതികളിൽ പറഞ്ഞ സൂചനകൾ എല്ലാം തന്നെ പ്രോസക്യൂഷന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

27. **മൂന്നാം സംഗതി:** ഒന്നും രണ്ടും സംഗതികളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഭാരതീയ ശിക്ഷാ സംഹിതയുടെ 294 (b), 323 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ടെത്തി ടി പ്രതിയെ കുറ്റവിചാരണ നടപടി സംഹിതയുടെ 255(1) -ആം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യക്കൈച്ചീട്ട് റദ്ദാക്കിയിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി

വിട്ടയക്കുന്നു.

28. ഈ വിധിക്കെതിരെ ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട തിരുവനന്തപുരം സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഞാൻ പറഞ്ഞു കൊടുത്തതു പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 ഏപ്രിൽ മാസം 04 ആം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു)

Sd/-

**ന്യായാധികാരി.**

## APPENDIX

## List of Prosecution / Defence/ Court Witnesses

## (Rule 134 Criminal Rules of Practice, Kerala)

1. **Prosecution Witness**

| Rank | Name | Whether Eye witness, Police witness, Expert witness, Medical witness, Other witness |
|---|---|---|
| PW1 | ഷീന | ആവലാതിക്കാരി |
| PW2 | ലീല | ദൃക്സാക്ഷി |
| PW3 | ഡാനി | ദൃക്സാക്ഷി |
| PW4 | സൈമൺ | മഹസ്സർ സാക്ഷി |
| PW5 | ഷീജ കെ | പോലീസ് ഉദ്യോഗസ്ഥ |
| PW6 | രാജേന്ദ്രൻ | ദൃക്സാക്ഷി |
| PW7 | ഡോ.ജിമിഷ | ഡോക്ടർ |
| PW8 | ബിനു | അന്വേഷണ ഉദ്യോഗസ്ഥൻ |

2. **Defence Witness : Nil**

3. **Court Witness : Nil**

**List of Prosecution / Defence/ Court Exhibits**

4. **Prosecution Exhibits:**

| Sl.No. | Exhibit Number | Description | Date |
|---|---|---|---|
| 1. | Ext.P1/PW1 | പ്രഥമ വിവര പ്രസ്താവന | 21.02.2019 |
| 2. | Ext.P1(a)/PW5 | ദേഹസ്ഥിതി നോട്ട് | 21.02.2019 |
| 3. | Ext.P2/PW4 | കൃത്യസ്ഥല മഹസ്സർ | 21.02.2019 |
| 4. | Ext.P3/PW7 | വൂണ്ട് സർട്ടിഫിക്കറ്റ് | 10.02.2019 |
| 5. | Ext.P4/PW8 | പ്രഥമ വിവര റിപ്പോർട്ട് | 21.02.2019 |
| 6. | Ext.P5/PW8 | പ്രതിയെ തിരിച്ചറിഞ്ഞ റിപ്പോർട്ട് | Nil |
| 7. | Ext.P6 /PW8 | ജാമ്യക്കൈച്ചീട്ട് | 13.03.2019 |

5. **Defence Exhibits :**

| Sl.No. | Exhibit Number | Description |
|---|---|---|
| 1. | Ext.D1 | OS 785/2018 ലെ അന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |

6. **Court Exhibits : Nil**
7. **Material Objects : Nil**

Sd/-

ന്യായാധികാരി.

//True Copy//

ന്യായാധികാരി.